**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വീഡിയോ ഡോക്യുമെന്ററി തയ്യാറാക്കുന്നതിന് KSFDC, C-DIT എന്നീ സർക്കാർ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.1853/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 09/10/2020

---

പരാമർശം:- 1 സ.ഉ (സാ ധാ ) നം. 501/ 2020/ത സ്വ ഭ വ , തീയതി 28.02.2020

2 സ.ഉ (സാ ധാ ) നം. 1452/2020/ത സ്വ ഭ വ , തീയതി 04.08.2020

3 23.09.2020ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം ഇനം നമ്പർ 4.40.

**ഉത്തരവ്**

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കാലാവധി 2020 -ൽ അവസാനിക്കുന്ന പശ്ചാത്തലത്തിൽ നിലവിലെ ഭരണ സമിതിയുടെ നേതൃത്വത്തിൽ നടത്തിയ ബഹുതല വികസന പരിപാടികൾ ഉൾച്ചേർത്ത് വീഡിയോ ഡോക്യുമെന്ററി തയ്യാറാക്കുന്നതിന് (പരാമർശം 1 ) ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ആയത് (പരാമർശം2 ) ഉത്തരവ് പ്രകാരം ഭേദഗതി ചെയ്തിരുന്നു. 23.09.2020 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം ഇനം നമ്പർ 4.40 (പരാമർശം 3 ) പ്രകാരം KSFDC, C -DIT എന്നീ സർക്കാർ സ്ഥാപനങ്ങൾ മുഖേന ടെണ്ടർ കൂടാതെ ഏൽപ്പിക്കുവാൻ അനുമതി നൽകുന്നതായും എന്നാൽ മറ്റ് സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡപ്രകാരമുള്ള നടപടി സ്വീകരിക്കണമെന്ന് നിദ്ദേശിച്ചിരിക്കുന്നു ഇതിന് ചെലവഴിക്കാവുന്ന നിരക്ക് സംബന്ധിച്ച് (പരാമർശം2 ) ഉത്തരവ് പാലിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിരിക്കുന്നു.

2. മേൽസാഹചര്യത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കാലാവധി 2020 -ൽ അവസാനിക്കുന്ന പശ്ചാത്തലത്തിൽ നിലവിലെ ഭരണ സമിതിയുടെ നേതൃത്വത്തിൽ നടത്തിയ ബഹുതല വികസന പരിപാടികൾ ഉൾച്ചേർത്ത് വീഡിയോ ഡോക്യുമെന്ററി തയ്യാറാക്കുന്ന പ്രവർത്തി KSFDC, C-DIT എന്നീ സർക്കാർ സ്ഥാപനങ്ങളെ ടെണ്ടർ കൂടാതെ ഏൽപ്പിക്കുവാൻ അനുമതി നൽകുന്നു. എന്നാൽ മറ്റ് സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡപ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്

3. ഇതിന് ചെലവഴിക്കാവുന്ന നിരക്ക് സംബന്ധിച്ച് ( പരാമർശം 2 ) ഉത്തരവ് മേൽ ഭേതഗതിയോടെ നിലനിൽക്കുന്നതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ ,തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഡയറക്ടർ C-DIT/ മാനേജിങ് ഡയറക്ടർ KSFDC

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signature Not Verified

Digitally signed by S BINDU
Date: 2020.10.09 13:43:34 IST
Reason: Approved